## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# ദൈവവിളി ദിനം 2026

## ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ മെയ് 31-ാം തീയതി ദൈവവിളി ദിനമായി നാം ആചരിക്കുന്നു. സഭാവൽസരത്തിലെ ഏറ്റവും വലിയ തിരുനാൾ ദിനമായ പെന്തിക്കൊസ്തി തിരുന്നാളിന്റെ കാലഘട്ടത്തിലാണ് ഈ വർഷത്തെ ദൈവവിളി ദിനം നാം ആചരിക്കുന്നത്. സഭയുടെയും ലോകത്തിന്റെയും ഭാവിയെ കരുതി പ്രാർത്ഥനയോടെ നാം ഒരുമിച്ച് ചേരേണ്ട നിമിഷമാണിത്.

ഈ ലോകത്തിലേക്ക് പിറന്നുവീഴുന്ന ഓരോ മനുഷ്യനും ദൈവത്തിന്റെ ഒരു സ്വപ്നമാണ്. 'മാതാവിന്റെ ഉദരത്തിൽനിനക്ക് രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു' (ജറെമിയ 1:5) എന്ന വചനം ഓരോ വ്യക്തിയുടെയും ജീവിതത്തിന് പിന്നിലുള്ള ദൈവിക പദ്ധതിയേയും ലക്ഷ്യത്തേയും കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ പ്രത്യേക ലക്ഷ്യത്തെ തിരിച്ചറിയുന്നതും അത് പൂർത്തിയാക്കുന്നതുമാണ് ഒരുവന്റെ 'ദൈവവിളി' അഥവാ വൊക്കേഷൻ (Vocation).

ഈ വർഷത്തെ 'ദൈവവിളി ദിനത്തിൽ' നമ്മുടെ ജീവിതലക്ഷ്യത്തെക്കുറിച്ചും വരും തലമുറയുടെ ഭാവിയെക്കുറിച്ചും ഗൗരവമായി ചിന്തിക്കാൻ നാം കടപ്പെട്ടവരാണ്.

### 1. ഹൃദയത്തിലെ സ്വർഗ്ഗീയ വിത്ത്

ദൈവവിളി എന്നത് മനുഷ്യന്റെ ഹൃദയത്തിൽ ദൈവം പാകിയ അതിലോലമായ ഒരു വിത്താണ്. അത് തിരിച്ചറിയപ്പെടേണ്ടതും, സംരക്ഷിക്കപ്പെടേണ്ടതും, പരിപോഷിപ്പിക്കപ്പെടേണ്ടതുമാണ്. നമ്മുടെ ലോകം ഇന്ന് ബാഹ്യമായ മോടികളാലും പരസ്യങ്ങളാലും നിയന്ത്രിക്കപ്പെടുന്നു. എന്ത് ധരിക്കണം, എന്ത് കഴിക്കണം, ഏത് വഴി തിരഞ്ഞെ

ടുക്കണം എന്നതിലൊക്കെ മാധ്യമങ്ങളും ലോകത്തിന്റെ സ്വാധീനങ്ങളും നമ്മെ വലിയ രീതിയിൽ സ്വാധീനിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് വിശുദ്ധ കാർലോ അക്യുട്ടിസിന്റെ വിഖ്യാതമായ വാക്കുകൾ പ്രസക്തമാകുന്നത്: 'എല്ലാവരും മൗലികരൂപങ്ങളായി (Originals) ജനിക്കുന്നു, എന്നാൽ പലരും ഫോട്ടോസ്റ്റാറ്റുകളായി (Photocopies) മരിക്കുന്നു.' ലോകത്തിന്റെ ബഹളങ്ങൾക്കിടയിൽ സ്വന്തം ഹൃദയത്തിൽ ദൈവം വെച്ച ആ 'ഒറിജിനാലിറ്റി' തിരിച്ചറിയാൻ നമുക്ക് സാധിക്കാതെ പോകുന്നു.

### 2. വിവിധങ്ങളായ ദൈവവിളികൾ

ക്രിസ്തീയ ജീവിതത്തിൽ ദൈവവിളി എന്നത് പ്രധാനമായും മൂന്ന് മേഖലകളായി തിരിക്കാം:

- കുടുംബജീവിതം: ലോകത്തിലേക്ക് പുതിയ ജീവൻ കൊണ്ടുവരാനും സ്നേഹത്തിന്റെ പാഠശാലകളായി മാറാനും ദൈവം വിളിക്കുന്ന ഉൽകൃഷ്ടമായ വിളി.
- സന്യസ്തജീവിതം: ലോകത്തിന്റെ സുഖസൗകര്യങ്ങൾ വെടിഞ്ഞ് ദൈവരാജ്യത്തിനുവേണ്ടി പൂർണ്ണമായി സമർപ്പിക്കപ്പെട്ട ജീവിതം.
- പൗരോഹിത്യം: ക്രിസ്തുവിന്റെ പ്രതിപുരുഷനായി ബലിയർപ്പിക്കാനും ദൈവജനത്തെ നയിക്കാനും നൽകപ്പെടുന്ന വിളി.

ഇവ വെറും വർഗ്ഗീകരണങ്ങൾ മാത്രമല്ല, മറിച്ച് ഓരോ വ്യക്തിയും തന്റെ തൊഴിലിലൂടെയും പ്രവൃത്തിയിലൂടെയും ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തേണ്ട വഴികളാണ്. ഒരു ഡോക്ടറായും, കർഷകനായും, അദ്ധ്യാപകനായും, എഞ്ചിനീയറായും ഒക്കെ ജീവിക്കുമ്പോൾ നാം നമ്മുടെ സ്രഷ്ടാവിന്റെ പദ്ധതിയുടെ ഭാഗമാകുകയാണ്.

### 3. വഴികാട്ടികളാകേണ്ടവർ

ഒരു കുഞ്ഞിന്റെ ഉള്ളിലെ സവിശേഷമായ കഴിവിനെയും ദൈവവിളിയെയും തിരിച്ചറിയാൻ സഹായിക്കുന്നതിൽ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വൈദികർക്കും സന്യസ്തർക്കും വലിയ പങ്കുണ്ട്. മക്കൾ ലൗകികമായ വിജയങ്ങൾ മാത്രം നേടണം എന്നാഗ്രഹിക്കാതെ, അവർക്കായി ദൈവം കരുതിവെച്ചിരിക്കുന്ന ആ സ്വപ്നം എന്താണെന്ന് തിരിച്ചറിയാൻ അവരെ പ്രോത്സാഹിപ്പിക്കണം.

രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് പോലെ, 'കർത്താവായ യേശു ആരെ വിളിക്കണമെന്നും സഭയുടെ ഏത് ശുശ്രൂഷയിൽ അവരെ നിയമിക്കണമെന്നും സ്വയം തീരുമാനിക്കുന്നു. എന്നാൽ ഈ വിളി തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കപ്പെടുന്നതിനും വിശ്വാസികളുടെ സമൂഹം കടപ്പെട്ടവരാണ്' (Presbyterorum Ordinis).

### 4. ഈശോയുടെ ശിഷ്യത്വം: നമ്മുടെ അടിസ്ഥാന വ്യക്തിത്വം

നമ്മുടെ തൊഴിലോ ജീവിതസാഹചര്യങ്ങളോ എന്തുമാകട്ടെ,

നാമെല്ലാവരും ഒന്നാമതായി ഈശോയുടെ ശിഷ്യന്മാരാണ്.ഈ ശിഷ്യത്വമാണ് നമ്മുടെ ഓരോരുത്തരുടെയും അടിസ്ഥാന വ്യക്തിത്വം. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നു: 'നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്... നിങ്ങളുടെ പ്രകാശം മനുഷ്യരുടെ മുൻപിൽ പ്രകാശിക്കട്ടെ' (മത്തായി 5:14-16). നമ്മുടെ ദൈവവിളി ഏതുമാകട്ടെ, അത് ലോകത്തിന് പ്രകാശമാകാനും ദൈവത്തിന് മഹത്വം നൽകാനുമുള്ളതാകണം.

ഈ അവസരത്തിൽ നിങ്ങളുടെ ഇടയൻ എന്ന നിലയിൽ ചില കാര്യങ്ങൾ ഞാൻ നിങ്ങളോട് പങ്കുവെക്കുന്നു:

- മാതാപിതാക്കളോട്: നിങ്ങളുടെ മക്കൾ ദൈവത്തിനായി സമർപ്പിക്കപ്പെടാൻ ആഗ്രഹം പ്രകടിപ്പിച്ചാൽ അവരെ തടയരുത്; മറിച്ച് പ്രോത്സാഹിപ്പിക്കുക. ദൈവത്തിന് നൽകുന്ന ഒന്നും നഷ്ടപ്പെടുകയില്ല, പകരം അത് കുടുംബത്തിന് മുഴുവൻ അനുഗ്രഹമായി മാറും.
- യുവജനങ്ങളോട്: ലോകം നൽകുന്ന വാഗ്ദാനങ്ങളേക്കാൾ വലുതാണ് ദൈവം നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന ദൗത്യം. അവിടുത്തെ വിളി ഭയപ്പെടാതെ സ്വീകരിക്കുക. ക്രിസ്തുവിനെ പകരുക എന്നതിനേക്കാൾ വലിയൊരു സന്തോഷം ഈ ലോകത്തില്ല.
- പ്രാർത്ഥന: സഭയിലെ ഓരോ ദൈവവിളിയും പ്രാർത്ഥനയുടെ ഫലമാണ്. മേയ് 31-ന് എല്ലാ ഇടവക ദേവാലയങ്ങളിലും വിശുദ്ധ കുർബാനയ്ക്കിടയിലോ ശേഷമോ ദൈവവിളി പ്രോത്സാഹനത്തിനായി പ്രത്യേക പ്രാർത്ഥനകൾ നടത്തണം. വൈദികസന്യാസ ജീവിതത്തിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന കുട്ടികളെ അന്ന് പ്രത്യേകം അനുസ്മരിക്കണം. കൊയ്ത്തിന് വേലക്കാരെ അയയ്ക്കാൻ കൊയ്ത്തിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ' (ലൂക്കാ 10:2) എന്ന വചനം അനുസരിച്ച് നിരന്തരം പ്രാർത്ഥിക്കുക.
- ആത്മീയ സഹയാത്ര (Accompaniment): സംശയങ്ങളും ആകുലതകളുമുള്ള യുവജനങ്ങളെ ചേർത്തുപിടിക്കാനും അവർക്ക് ശരിയായ ആത്മീയ ഉപദേശം നൽകാനും വൈദികരും സന്യസ്തരും ശ്രദ്ധിക്കണം, സഹയാത്രികരാകണം.
- ത്യാഗം (Sacrifice): ദൈവവിളികൾക്കായി നമ്മുടെ ചെറിയ ത്യാഗങ്ങളും സുകൃതങ്ങളും കാഴ്ചവെക്കാം.
- ദൈവവിളി വാരം: എല്ലാ വർഷവും നാം ആചരിക്കുന്ന ദൈവവിളി വാരം മേയ് 25 മുതൽ 31 വരെയുള്ള ദിവസങ്ങളിലാണ്. ഓരോ ഇടവകയിലും ദൈവവിളി വാരം സമുചിതമായി ആചരിക്കുന്ന കാര്യം ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**ഉപസംഹാരം**

പ്രിയപ്പെട്ടവരേ, ദൈവവിളി എന്നത് ഒരു വലിയ ഉത്തരവാദിത്വമാണ്. തന്റെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുന്നത് ഒരാൾ

തനിക്ക് ദൈവം നൽകിയിട്ടുള്ള ദൗത്യം സന്തോഷത്തോടെ ഏറ്റെടുക്കുമ്പോഴാണ്. ഈ വൊക്കേഷൻ ദിനത്തിൽ, നമുക്ക് ഓരോരുത്തർക്കും വേണ്ടി പ്രാർത്ഥിക്കാം. പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങൾ ലോകത്തിന്റെ ശബ്ദങ്ങളെക്കാൾ ഉപരിയായി തങ്ങളുടെ ഹൃദയത്തിൽ ദൈവം മന്ത്രിക്കുന്ന ആ സ്വരം കേൾക്കാൻ ഇടയാകട്ടെ. ദൈവഹിതത്തിന് 'ഇതാ ഞാൻ കർത്താവിന്റെ ദാസി' (ലൂക്കാ. 1: 38) എന്ന് മറുപടി നൽകിയ മറിയം നമ്മുടെ ഓരോരുത്തരുടെയും ദൈവവിളിയിൽ മാതൃകയും മദ്ധ്യസ്ഥയുമാകട്ടെ. പ്രിയപ്പെട്ട യുവജനങ്ങളേ, ക്രിസ്തുവിനെ അനുഗമിക്കുന്നതിൽ ഭയപ്പെടേണ്ട. ലോകം നൽകുന്നതിനേക്കാൾ വലിയ സന്തോഷവും സംതൃപ്തിയും അവിടുത്തെ ശുശ്രൂഷയിലുണ്ട്. മക്കളെ ദൈവത്തിന് സമർപ്പിക്കാൻ തയ്യാറാകുന്ന മാതാപിതാക്കൾ അബ്രാഹത്തെപ്പോലെ അനുഗ്രഹിക്കപ്പെട്ടവരാണ്.

ദൈവവിളി പ്രോത്സാഹനാർത്ഥം സഭയിൽ ആകമാനം, സമർപ്പിത സമൂഹങ്ങളിൽ പ്രത്യേകിച്ചും നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന നമ്മുടെ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായേയും, അഭിവന്ദ്യ പിതാക്കന്മാരെയും, വൈദികരേയും, സന്യസ്തരേയും, അല്മായ പ്രേഷിതരേയും നന്ദിയോടെ അനുസ്മരിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭ പൗരോഹിത്യ-സന്യസ്ത ദൈവവിളികൾ കൊണ്ട് സമ്പന്നമാകട്ടെ എന്ന് ഉള്ളുരുകി പ്രാർത്ഥിക്കാം.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ സ്നേഹപൂർവ്വം,

+ Mar Alexios

**✠ യൂഹാനോൻ മാർ അലക്സിയോസ്**
ചെയർമാൻ, ദൈവവിളിക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ,
തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ.

14.05.2026
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B.: ഈ സർക്കുലർ 2026 മെയ് 31, ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയും ഉചിതമായ മാർഗ്ഗങ്ങളിലൂടെ ജനങ്ങളെ അറിയിക്കുകയും ചെയ്യണം.